ഉത്തരം

(എ) 83 പേർക്ക് നിയമനം നൽകി.

(ബി) ഒഴിവുകളില്ല

(സി&ഡി) 2014-15 വർഷത്തെ തസ്തിക നിർണ്ണയം കഴിഞ്ഞാൽ മാത്രമെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.

എച്ച്.എസ്.എസ്.ടി.സീനിയർ/ജൂനിയർ റാങ്ക് ലിസ്റ്റ്

91 (7058) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്.എസ്.എസ്.ടി. സീനിയർ/ജൂനിയർ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നുണ്ടായിട്ടുള്ള നിയമനത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) എച്ച്.എസ്.എസ്.ടി ജൂനിയർ/സീനിയർ തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലുള്ള വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

ഇംഗ്ലീഷ്

സോഷ്യോളജി

പൊളിറ്റിക്കൽ സയൻസ്

സൈക്കോളജി

ഹിസ്റ്ററി

ഇക്കണോമിക്സ്

മലയാളം

അറബിക് ജൂനിയർ

ബോട്ടണി

(ബി)

ഇംഗ്ലീഷ് (സീനിയർ)	- 368 നിയമനം നടന്നു.
ഇംഗ്ലീഷ് (ജൂനിയർ)	- 132 നിയമന ശുപാർശലഭിച്ചു.
സോഷ്യോളജി (സീനിയർ)	- 54 നിയമനം നടന്നു.
സൈക്കോളജി (സീനിയർ)	- 1 നിയമനം നടന്നു.
സൈക്കോളജി (ജൂനിയർ)	- 1 നിയമനം നടന്നു.

LIBRARY ARCHIVES Kerala Legislative Assembly

പൊളിറ്റിക്കൽ സയൻസ് സീനിയർ	- 137 നിയമനം നടന്നു.
പൊളിറ്റിക്കൽ സയൻസ് ജൂനിയർ	- 177 നിയമനം നടന്നു.
ഹിസ്റ്ററി സീനിയർ	- 65 പേർക്ക് നിയമന ശുപാർശ ലഭിച്ചു.
മലയാളം-സീനിയർ	- 101 പേർക്ക് നിയമനം നടത്തിയിട്ടുണ്ട്.
അറബിക് ജൂനിയർ	- 1 നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്.
ഇക്കണോമിക്സ് ജൂനിയർ	- 114 നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) റാങ്ക് ലിസ്റ്റ്

82 (7059) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും ഇക്കഴിഞ്ഞ ഒമ്പതുമാസത്തിനുള്ളിൽ എത്ര പേർക്ക് നിയമനം നല്കി എന്നും അത് ആർക്കൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) സ്റ്റാഫ് ഫിക്സേഷൻ യഥാസമയം നടക്കാത്തതിനാലും ഹൈസ്കൂളിൽനിന്നും ഹയർ സെക്കന്ററിയിലേക്ക് നടക്കേണ്ട പ്രൊമോഷനുകൾ കൃത്യമായി നടക്കാത്തതിനാലും കാലാവധി ദീർഘിപ്പിച്ചതിന്റെ പ്രയോജനം ടി റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് കിട്ടാത്ത സാഹചര്യത്തിൽ സ്റ്റാഫ് ഫിക്സേഷനും ഹൈസ്കൂളിൽനിന്ന് ഹയർ സെക്കന്ററിയിലേക്കുള്ള പ്രൊമോഷനും ഈ മാസം തന്നെ പൂർത്തിയാക്കി പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ളവർക്ക് ഉടൻതന്നെ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഞ്ച് പേർക്ക് നിയമനം നൽകി.

1. ലാലി .എൻ., കാവിൻപുറം, പന്തളം പി.ഒ.
2. ഷഹൂഫുന്നിസ .എ., മേനേഴീട്ടുവിളാകം, ചാരോട്ടുകോണം
3. അനിൽകുമാർ .എച്ച്, പ്ലാമൂട്ടുവീട്, തുമ്പുംകോണം, ആര്യനാട് പി.ഒ.
4. പ്രിയങ്ക പി.യു., കുന്നുംപുറത്തുവീട്, ആലംപൊറ്റ, കുറുശ്ശേരി പി.ഒ.

LIBRARY ARCHIVES Kerala Legislative Assembly